LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്.

(ബി) പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21-ൽ അനുവദിച്ചുനൽകി. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ് 19-മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും ഉൾപ്പെടെയാണ് 36.12 കോടി രൂപ ധനസഹായം അനുവദിച്ചത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടലിൽ പണിയെടുക്കുന്നവർക്കും അനുബന്ധ തൊഴിലാളികൾക്കും വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസങ്ങളിലേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളിക്കും 1,200 രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 157573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മേയ് മാസത്തിൽ 22.49 കോടി രൂപ വിതരണം ചെയ്തു. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവമൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യ സാധനങ്ങളും മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് നടപടി സ്വീകരിച്ചു.

പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

196(702) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന പഠനങ്ങൾ നടത്തുന്നതിനാണ് CWPRS-നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. Mathematical model study for hydrodynamics and sedimentation.

2. Mathematical model studies for shore line changes.

3. Mathematical model studies for wave tranquility

4. Geotechnical stability studies for breakwaters

5. Desk and wave flume studies for breakwaters.

മേൽ പരാമർശിച്ച പഠനങ്ങളിൽ 1 മുതൽ 3 വരെയുള്ള പഠന റിപ്പോർട്ട് CWPRS-ൽനിന്നും ലഭിക്കുകയും മറ്റ് രണ്ട് പഠനങ്ങൾ നടന്നുവരികയുമാണ്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഹാർബർ നിർമ്മാണത്തിനായി പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിച്ചുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

CWPRS-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ പരിസ്ഥിതി ആഘാത പഠനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ ?

CWPRS-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം EIA Study Report, CRZ Clearance, Pollution Control Board Clearance എന്നിവ ലഭ്യമാക്കി പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

തീരദേശ വികസനം

197(703) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരദേശ മേഖല തീവ്ര കടൽക്ഷോഭം കാരണം പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യഘട്ടം എന്നിവയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21-ൽ അനുവദിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly